**പതിനാലാം കേരളനിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1871 15.07.2016 ന് മറുപടിയ്ക്ക്.

**കോന്നി ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അടൂർ പ്രകാശ് | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോന്നി ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര ആളുകൾ സന്ദർശനം നടത്തിയിട്ടുണ്ടെന്നുള്ളതിന്റെ കണക്കുകൾ വ്യക്തമാക്കാമോ; | (എ) 2015-16 സാമ്പത്തിക വർഷത്തിൽ 1,74,486 ആളുകൾ കോന്നി ഇക്കോ ടൂറിസം സെന്ററിൽ സന്ദർശകരായി എത്തിയിട്ടുണ്ട്. |
| (ബി) കൂടുതൽ ആളുകൾ വരുന്നതിലേയ്ക്കായി കോന്നിയിൽ കൂടുതൽ ആകർഷകമായ പദ്ധതികൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കൂടുതൽ ആളുകളെ ആകർഷിക്കുന്നതിലേയ്ക്കായി പരിസ്ഥിതിക്കനുയോജ്യമായ പല പദ്ധതികളും കോന്നി ഇക്കോ ടൂറിസം സെന്ററിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) പ്രകൃതിക്ക് ദോഷം സംഭവിക്കാത്ത തരത്തിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) കോന്നി ഇക്കോ ടൂറിസം കേന്ദ്രത്തിൽ കുട്ടികളുടെ പാർക്ക് തുടങ്ങുന്നതാണ്. കൂടാതെ കോന്നിയിൽ നിന്ന് ഗവിയിലേക്ക് കണ്ടക്റ്റഡ് ടൂർ പദ്ധതിയും, കോന്നിയിൽ നിന്ന് കാട്ടാത്തിപ്പാറയിലേക്ക് ട്രക്കിംഗ് പരിപാടിയും ഫലപ്രദമായി നടപ്പാക്കുന്നതാണ്. ഇക്കോ ഷോപ്പിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും നിലവിലുള്ള കഫെറ്റീരിയയിൽ മിൽമായുടെ സഹായത്തോടെ മിൽമാ ഉല്പന്നങ്ങളുടെ വിൽപനയ്ക്കും സൗകര്യം ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ